# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മയിൽ നിന്നും

**സർക്കുലർ നമ്പർ: 59**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരേ,

വരുമാനത്തിന്റെ ദശാംശം വേർതിരിച്ച് സുവിശേഷ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന മഹത്തായ പാരമ്പര്യമാണല്ലോ നമുക്കുള്ളത്. നമ്മുടെ സഭയിലെ വരുമാനമുള്ള അംഗങ്ങൾ എല്ലാവരും സുവിശേഷ വേലയ്ക്കായി ദശാംശം വേർതിരിക്കണം. സമയം, പണം, കഴിവ്, ബുദ്ധി ഇവയെല്ലാം ദൈവദാനമാണ്. നന്ദിയോടെ അവയെ സ്വീകരിച്ച് ദൈവം ആഗ്രഹിക്കുന്നതുപോലെ മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കണം. ദശാംശം വേർതിരിച്ചു നല്കുന്നതിലൂടെ സഭയുടെ പ്രേഷിതപ്രവർത്തനത്തിലും ദൈവരാജ്യ ശുശ്രൂഷയിലും നാം സജീവമായി പങ്കുചേരുകയാണ് എന്ന ബോധ്യത്തോടെ എല്ലാവരും ദശാംശ സമർപ്പണത്തിൽ പങ്കുചേരണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

2022 ജൂലൈ 3–ാം തീയതി ദശാംശ സമർപ്പണ ഞായറാഴ്ചയായി നാം വേർതിരിച്ചിരിക്കുന്നു. കോവിഡ് പ്രതിസന്ധിയുടെ മധ്യത്തിലും നമ്മെ വഴി നടത്തിയ ദൈവത്തിന് നമുക്ക് നന്ദി കരേറ്റുവാനുള്ള അവസരമാണിത്. ലോകം മുഴുവൻ ഇനി എന്ത് എന്ന് പകച്ചു നിന്ന സാഹചര്യത്തിൽ ‘ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെ ഉണ്ട്’ എന്ന ദൈവവചനം എന്നും നമുക്ക് ആശ്വാസം നൽകുന്നവയാണ്. സഭയായി നടത്തുന്ന എല്ലാ പ്രേഷിത പ്രവർത്തനങ്ങൾക്കും പ്രധാനമായും പണം കണ്ടെത്തുന്നത് ദശാംശവിഹിത സ്തോത്രകാഴ്ചയിലൂടെ ആണ്.സംഭാവനയായും സ്തോത്രകാഴ്ച കവറിലും ലഭിക്കുന്ന എല്ലാതുകയും യഥാസമയം സഭാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

പ്രിയരെ, ജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങളും ദൈവിക ദാനമാണ്. ഭൗതികവും ആത്മീയവുമായ വിഭവങ്ങൾ ശരിയായി വ്യയം ചെയ്യുവാൻ ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നു. നാം അതിന്റെ ഉടമസ്ഥരല്ല, കാര്യവിചാരകർ മാത്രമാണ്. ദൈവം നൽകുന്ന അനുഗ്രഹങ്ങളിൽ നിന്ന് ദൈവരാജ്യ പ്രവർത്തനത്തിനും മറ്റുള്ളവരുടെ നന്മക്കും വേണ്ടിയുള്ള ശുശ്രൂഷയിൽ പങ്കു വഹിക്കുവാൻ ഈ ദിവസം നമ്മെ ആഹ്വാനം ചെയ്യുന്നു.

*“എൻ മനമേ, യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക. എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്.” (സങ്കീർത്തനങ്ങൾ 103:1–2)*

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2022 ജൂൺ 15–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**